ട്ടുള്ളത് ഉണ്ടാക്കി. അത് മാററി, അവസാനമാണ് ഈ ബിൽ ഉണ്ടാക്കിയത്. ഈ ബിൽ ഉണ്ടാക്കി അയക്കുന്നതിലും പിന്നീട് നിയമവകുപ്പിന് അയച്ചുകൊടുത്ത് പരിശോധിക്കുന്നതിനുമെല്ലാംതന്നെ അന്നൊരു ജോയിൻറ്സെക്രട്ടറി ഹയർ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെൻറിൽ ഉണ്ടായിരുന്നു. ആ ജോയിൻറ് സെക്രട്ടറി അങ്ങേയററത്തെ സംഭാവന ഈ ബില്ലിൻെറ കാര്യത്തിൽചെയ്തിട്ടുണ്ടെന്നുള്ള കാര്യം ഞാൻ ഈ സമയത്ത് സ്മരിക്കുകയാണ്. ഈ പ്രമേയം പാസ്സാക്കിതരണമെന്ന് ഞാൻ ഈ സഭയോട് അഭ്യർത്ഥിക്കുകയാണ്.

ഡോക്ടർ എ. വി. ഐസക്ക് അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

പ്രൊഫസർ എം. കെ. സാനു അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

1989-ലെ കേരള പബ്ലിക് ലൈബ്രറിബിൽ—സാമൂഹ്യസേവനം സംബന്ധിച്ച 6-ാം നമ്പർ സബ്ജക്ട് കമ്മിററിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിററിക്ക് അയച്ചു.

## റൂളിംഗ്

മി. സ്പീക്കർ: ഇന്നുരാവിലെ ബഹുമാനപ്പെട്ട ടി. എം. ജേക്കബും പ്രതിപക്ഷ നേതാക്കൻമാരും ഉന്നയിച്ച ഒരു ക്രമപ്രശ്നത്തെ സംബന്ധിച്ച് റൂളിംഗ് നൽകാം എന്ന് ഞാൻ പറഞ്ഞിരുന്നു. ഇതിലെ ഒരു പ്രശ്നം ബഹുമാനപ്പെട്ട ടി. എം. ജേക്കബ് ഉന്നയിച്ചത് പോൾ ഡിമാൻറ് ചെയ്തതിനെ സംബന്ധിച്ചാണ്. ടേപ്പ് പരിശോധിച്ചതിൽ I demand poll എന്ന് ടേപ്പിലുണ്ട്. ഏതു മെമ്പർ ആണെന്ന് ആ ശബ്ദം കൊണ്ട് വ്യക്തമല്ല. അപ്പോൾ, 301 അനുസരിച്ച് any member can demand poll. ഭരണപക്ഷത്തുനിന്ന് ആകാം, പ്രതിപക്ഷത്തുനിന്നുമാകാം. അതുകൊണ്ട് 'ഡിമാൻറ് പോൾ' എന്ന ശബ്ദം കേട്ടുകഴിഞ്ഞാൽ ഏതുഭാഗത്തുനിന്നാണെന്ന് നോക്കേണ്ടതില്ല. ആരാണെന്നും നോക്കേണ്ടതില്ല. ഡിമാൻഡ് വന്നുകഴിഞ്ഞാൽ ഡിവിഷൻ ഉടനെ നടക്കും. അതനുസരിച്ച് നിയമസഭ സെക്രട്ടേറിയററ് ബെൽ കൊടുത്താണ്. എന്നാൽ ഇന്നലെ സഭ പിരിഞ്ഞതിനുശേഷം നിയമസഭാ സെക്രട്ടേറിയററിലെ ചില ജീവനക്കാരോട് ചില അംഗങ്ങൾ വളരെ പരുഷമായ ഭാഷയിൽ സംസാരിച്ചതായി അവരുടെ ഭാഗത്തുനിന്നും എനിക്ക് പരാതി കിട്ടിയിട്ടുണ്ട്.

.........................(ബഹളം).............................

സ്പീക്കർ സംസാരിക്കുമ്പോൾ മററ് ആരും സംസാരിക്കാൻ പാടില്ല. അത് പ്രാഥമികമായ മര്യാദയാണ്. അത് മനസ്സിലാക്കണം. ഭരണപക്ഷത്തുള്ള അംഗങ്ങൾ കൂടുതൽ സംയമനം പാലിക്കണം. ഈ സഭയിലെ ചില അംഗങ്ങൾ ഇവിടുത്തെ സെക്രട്ടേറിയററ് ജീവനക്കാരോട് അപമര്യാദയായി തട്ടിക്കയറിയത് വളരെ നിർഭാഗ്യകരമായിപ്പോയി. അതിന് സഭയ്ക്കുവേണ്ടി ഞാൻ ഖേദം പ്രകടിപ്പിക്കുന്നു. അത് ഉണ്ടാകാൻ പാടില്ലാത്ത ഒരു സംഭവമായിരുന്നു. നിയമസഭാ സെക്ര

LIBRARY ARCHIVES Kerala Legislative Assembly

ട്ടേറിയററ് ജീവനക്കാർ വളരെ വ്യക്തമായും ചട്ടങ്ങൾ അനുസരിച്ചുമാണ് പ്രവർത്തിക്കുന്നത്, അങ്ങനെതന്നെയാണ് പ്രവർത്തിച്ചിട്ടുള്ളതും. ഈ കാര്യം വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു.

പ്രതിപക്ഷനേതാവ് പറഞ്ഞ ഒരു കാര്യം പ്രതിപക്ഷത്തിന് ഇന്നലെ സഭയിൽ അവരുടെ അഭിപ്രായപ്രകടനത്തിന് സമയം കിട്ടിയില്ല എന്നുള്ളതാണ്. അതിൽ ഒരു വസ്തുത ഉള്ളത് ഇന്നലെ സമയം കുറവായിരുന്നു. എന്നാൽ ഈ സഭയിൽ ഇതിന് മുമ്പ് ഖാദിത്തൊഴിലാളി ക്ഷേമനിധി ബില്ലിന്റേയും കൈത്തറിത്തൊഴിലാളി ക്ഷേമനിധി ബില്ലിന്റേയും അവതരണസമയത്ത് വാക്കൗട്ട് നടന്ന അവസരത്തിൽപോലും പ്രതിപക്ഷത്തിന് അഭിപ്രായം പറയാൻ ദീർഘമായി സമയം കിട്ടിയിട്ടുണ്ട്; സബ്ജക്ട് കമ്മിററി റിപ്പോർട്ട് വന്നതിനുശേഷമുള്ള ജനറൽ ഡിസ്കഷനിൽ. അതുകൊണ്ട് കേരള ലാൻഡ് റിഫോംസ് ബില്ലിനെ സംബന്ധിച്ച് സബ്ജക്ട് കമ്മിററി റിപ്പോർട്ട് വന്നശേഷം ഡിസെൻറിംഗ് നോട്ട് കൊടുത്തും ഭേദഗതികൾ കൊടുത്തും വളരെ വിശദമായി ആ ബില്ലിനെക്കുറിച്ച് അഭിപ്രായം പറയാൻ ഇനിയും സന്ദർഭമുണ്ട്. മററ് നിയമസഭകളിൽ ഇല്ലാത്ത ഒരു പ്രത്യേക ആനുകൂല്യം കേരള നിയമസഭയിൽ ഉണ്ട്. സബ്ജക്ട് കമ്മിററി റിപ്പോർട്ട് വന്നശേഷം അങ്ങനെ ചർച്ച നടക്കാറുണ്ട്. അതുകൊണ്ട് ഒരു സന്ദർഭം നഷ്ടപ്പെട്ടു എന്നുള്ള വാദഗതി ശരിയല്ല. സന്ദർഭം ഉണ്ട്. ഇന്നലെ സമയക്കുറവുകൊണ്ടാണ് സംഭവിച്ചുപോയിട്ടുള്ളത്. അതുകൊണ്ട് പ്രതിപക്ഷനേതാവും മററ് ആളുകളും ഉന്നയിച്ച ക്രമപ്രശ്നത്തിൽ പ്രസക്തിയില്ലെന്നുള്ള വിവരം സഭയെ അറിയിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(6-2-1989 തിങ്കളാഴ്ച, രാവിലെ 8.30-ന് സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 12.24-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly